PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 3 ● ISSUE : 10 OCTOBER 2009

## എഡിറ്റോറിയൽ

# ജീവിതലക്ഷ്യവും മാതൃകയും

ജീവിതത്തിന് ഒരു ലക്ഷ്യവും ഉദ്ദേശവും ഉള്ളവർക്കേ യഥാർത്ഥ ക്രിസ്ത്യാനിയായി ജീവിക്കുവാൻ സാധിക്കയുള്ളൂ. അങ്ങനെയുള്ളവർ മറ്റുള്ളവർക്ക് മാതൃകയായിരിക്കുകയും ചെയ്യും. "ക്രിസ്തുവിനുവേണ്ടി മരിക്കുന്നത് എനിക്കേറെയിഷ്ടം" എന്ന് പൗലൂസ് അപ്പോസ്തലൻ പറഞ്ഞിട്ടുണ്ടല്ലോ. "ക്രിസ്തു എന്റെ ശരീരത്തിൽ ജീവനാൽ ആകട്ടെ മരണത്താൽ ആകട്ടെ എപ്പോഴുമെന്നപോലെ ഇപ്പോഴും മരണപ്പെടുകയേ ഉള്ളൂ എന്നു പ്രതീക്ഷിക്കയും പ്രത്യാശിക്കയും ചെയ്യുന്നു" (ഫിലി 1.20). നമ്മുടെ ജീവിതത്തിലും വലിയ പ്രതീക്ഷകളോടെ ജീവിക്കുവാൻ നമുക്കു സാധിക്കണം.

മോശ യിസ്രായേൽ മക്കൾക്കുവേണ്ടി ജീവിച്ചു. ഫ്ളോറൻസ് നൈറ്റിംഗേൾ സ്വജീവിതത്തേക്കാൾ ആതുരസേവനത്തെ സ്നേഹിച്ചു. മദർ തെരേസ സ്വന്തജീവിതത്തേക്കാൾ കൂടുതൽ പാവപ്പെട്ട, ആരുമില്ലാത്തവരുടെ സുഖസൗകര്യങ്ങൾ അന്വേഷിച്ചു.

പുരോഹിതൻ ഇടവകജനങ്ങളുടെ സൗഖ്യമായിരിക്കണം സ്വന്തം സൗഖ്യത്തെക്കാൾ കണക്കിലെടുക്കേണ്ടത്. കുടുംബനാഥൻ കുടുംബാംഗങ്ങളുടെയും, അധ്യാപകൻ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായും, വൈദ്യന്മാർ രോഗികൾക്കുവേണ്ടിയും ജീവിക്കണം. യേശുവിൽ വിശ്വസിച്ചുകൊണ്ട് ഇങ്ങനെ ഒരു ജീവിതോദ്ദേശമുള്ളവർക്ക് സമാധാനവും സന്തോഷവും ഉണ്ടാകും. ഇങ്ങനെയുള്ളവർക്കേ മറ്റുള്ളവർക്ക് മാതൃകയായിരിക്കാൻ കഴിയുകയുള്ളൂ. ബെഞ്ചമിൻ ഫ്രാങ്ക്ലിൻ ഫിലാഡൽഫിയയിലുള്ളവരെ വഴിവിളക്കിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവാന്മാരാക്കാൻ നിശ്ചയിച്ചു. അദ്ദേഹം ആദ്യം ചെയ്തത് ഒരു നല്ല വിളക്കുകാലുണ്ടാക്കി ഒരു ചിമ്മിണിവിളക്ക് അദ്ദേഹത്തിന്റെ വീടിനുമുമ്പിൽ തെളിക്കുകയായിരുന്നു. അതിലേ കടന്നുപോകുന്നവർക്ക് ഇത് വലിയ ഉപകാരമായി. അവരും അവരുടെ വീടുകൾക്കുമുമ്പിൽ വഴിയരികിൽ വിളക്കുകൾ തെളിക്കുവാൻ തുടങ്ങി. ഇങ്ങനെയുള്ള ചെറിയ മാതൃകകൾ ഒരു മലയോളം ഉപദേശത്തെക്കാൾ പ്രയോജനം ചെയ്യും.

നല്ല മാതൃകയായിരിക്കുന്നവർ ഒരു ജ്യോതിസിനെപ്പോലെ പ്രകാശിക്കും. (ഫിലി 2:15). നാം ഉൾപ്പെട്ടിരിക്കുന്ന ചില സംഘടനകളിൽ ക്രിസ്ത്യാനിയായി നാം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. പക്ഷേ അങ്ങനെയുള്ളിടത്ത് ക്രിസ്തുവിൽ വിശ്വസിക്കുന്ന നാമായിരിക്കണം ഏറ്റവും നല്ല മാതൃക കാട്ടേണ്ടത്. വാക്കുകളിലെ മാതൃകയല്ല വേണ്ടത്; പ്രവർത്തിയിലെ മാതൃകയാണ്. അങ്ങനെയുള്ളവരെ ബാക്കിയുള്ളവർ സ്വമനസ്സാ അംഗീകരിക്കുകയും, അനുകരിക്കുകയും ചെയ്യും. ഒരു കുടുംബത്തിന്റെയോ, ഇടവകയുടെയോ വളർച്ച അവയ്ക്കുള്ള സമ്പത്തിനെ ആശ്രയിച്ചല്ല അളക്കേണ്ടത്. അവ സമൂഹത്തിനുവേണ്ടി ആത്മീയമായും, ധാർമ്മികമായും എന്തു ചെയ്യുന്നു എന്നതിനെ ആശ്രയിച്ചാണ്. ■

# വി.പത്രോസും വി.പൗലൂസും

(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)



വി.പത്രോസ്, പൗലൂസ് ശ്ലീഹന്മാർ തമ്മിൽ പ്രത്യക്ഷത്തിൽ, സാമ്യങ്ങളേക്കാൾ കൂടുതൽ അന്തരങ്ങളാണ്. ഒരാൾ "പഠിപ്പില്ലാത്ത" ഗ്രാമീണനും, മറ്റെ ആൾ ചിന്താഗ്രേസരനും പണ്ഡിതനും. ഒരുപക്ഷേ, യഥാർത്ഥ മിഷന്റെ രണ്ടു പ്രമുഖ മുഖങ്ങളായി ഇവരെ കരുതാം. യേശുക്രിസ്തുവിന്റെ, രൂപാന്തരിക ശക്തിയുള്ള സ്നേഹമെന്ന പൊതുവേദിയിൽ, ഇവർ തമ്മിലുള്ള ഗഹനമായ അന്തരങ്ങൾ അപ്രത്യക്ഷമാകുന്നുണ്ട്. ശീമോൻ പത്രോസ് വികാരജീവിയും വെള്ളംപോലെ തുളുമ്പുന്നവനുമായി കാണപ്പെടുമ്പോൾ, പൗലൂസാകട്ടെ വിശകലനപടുവായ ദാർശനികനും ഗ്രന്ഥകർത്താവുമാണ്. സ്വഭാവവിശേഷരീത്യാ, പത്രോസ് യുവമനസ്സുകളുടെ പ്രാതിനിത്യം വഹിക്കുന്നു. ഓരോ സന്ദർഭത്തിലും ചിന്താരഹിതനായി 'എടുത്തുചാടി' അപകടം വിളിച്ചുവരുത്തുന്നത് അദ്ദേഹത്തിനു ഹരമോ ശീലമോ ആയിരിക്കാം. ആദ്യം പ്രതികരിക്കുക, തുടർന്ന് ചിന്തിക്കുക എന്ന പ്രമാണമായിരിക്കും അദ്ദേഹത്തിന് ഏറെ ഇണങ്ങുക. ഈ ശീലത്തിന്റെ ഗുണവും ദോഷവും അദ്ദേഹം വേണ്ടുവോളം അനുഭവിച്ചിരുന്നു.

പൗലൂസാകട്ടെ, അക്കാലത്തു ലഭ്യമായിരുന്ന വിദ്യാഭ്യാസത്തിന്റെയും സംസ്കാരസമ്പന്നതയുടെയും ഏറ്റവും നല്ല അംശങ്ങളുടെ അവകാശിയായിരുന്നു. വിഭിന്നമായ പശ്ചാത്തലങ്ങളിൽ വളർന്ന്, വ്യത്യസ്ഥ പാതകളിൽ സഞ്ചരിച്ചെങ്കിലും, ഇരുവരും നസ്രായനായ യേശുവിനാൽ 'പിടിക്കപ്പെട്ടു'. യേശുവിന് എല്ലാത്തരം മനുഷ്യരെയും തന്നിലേക്ക് ആകർഷിക്കാൻ ഒരു പ്രത്യേക ശക്തിവിശേഷം തന്നെയുണ്ട്. അദ്ദേഹത്തിന്റെ വംശാവലിയിൽത്തന്നെ 'സഞ്ചരിതര'ല്ലാത്തവരെയും കാണാം. തന്റെ സൗഹൃദവൃന്ദത്തിൽ മാനസ്സാന്തരപ്പെട്ട് നല്ല മനുഷ്യരായിത്തീരുന്ന, അഴിമതിക്കാരായിരുന്നവരെയും തള്ളപ്പെട്ടിരുന്നവരെയും, അധമന്മാരായിരുന്നവരെയും കാണാം. ഏതുതരം മനുഷ്യരെയും accommodate ചെയ്യാൻ തക്കവിധം വിശാലമായിരുന്നു അദ്ദേഹത്തിന്റെ ശുശ്രൂഷയുടെ ക്യാൻവാസ്. ആ സാന്നിദ്ധ്യത്തിൽ അവരെല്ലാം രൂപാന്തരപ്പെടുകയായിരുന്നു. "രോഗികൾക്കല്ലാതെ വൈദ്യനെക്കൊണ്ട് ആവശ്യമില്ല" എന്ന് അദ്ദേഹം പ്രഖ്യാപിച്ചുവല്ലോ. എല്ലാത്തരം "രോഗി"കളും അദ്ദേഹത്തിൽ നിന്നും സ്വാസ്ഥ്യം നേടി.

ശീമോൻ പത്രോസ്, സ്വന്തം തൊഴിൽ, കൈക്കരുത്ത്, തന്റേടം ഇതെല്ലാം യേശുവിന്റെ മാസ്മരസ്നേഹത്തിനുമുമ്പിൽ അടിയറവെച്ചു. ശീമോൻ അവിടന്നങ്ങോട്ട് വളരുകയായിരുന്നു. പൗലൂസാകട്ടെ, തന്റെ പാണ്ഡിത്യവും, അനുഭവസമ്പത്തു പരിഷ്കാരവുമെല്ലാം അതേ സ്നേഹത്തിനു മുമ്പിൽ സമർപ്പിച്ചു. ഇവർ രണ്ടുപേരും ശീലിച്ചുതുടങ്ങിയത് വിനയമായിരുന്നു. എല്ലാ പുണ്യങ്ങളും അതിൽനിന്നാണല്ലോ ഉരുവാകുന്നത്. മുക്കുവനായിരുന്നെങ്കിലും ആരുടെയും മുന്നിൽ തലകുനിക്കുന്നവനായിരുന്നില്ല ശീമോൻ. യേശുവിനു മുന്നിൽ ആ ശിരസ്സു കുനിഞ്ഞു! ഉയർച്ചയിൽ നിന്നും താഴ്ചയിൽ നിന്നും, വീഴ്ചയിൽ നിന്നും എഴുന്നേൽപിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട്, ഗുരുവിനുവേണ്ടി രക്തസാക്ഷിയാകാൻവരെ അദ്ദേഹത്തെ പ്രേരിപ്പിച്ചത് ഇതേ വിനയമായിരുന്നു. ആരെയും കൂസാത്ത തന്റേടവും, ധൈര്യവും, നന്മയുടെ ചേരിയിലേക്കു കൂറുമാറി. അത് സ്വാതന്ത്ര്യത്തിന്റെ നവോദയമായിരുന്നു. ധൈര്യം മോശമായ ഒരു ഭാവമല്ല. ധൈര്യവും തന്റേടവും നന്മയ്ക്കായി ഉപയോഗിക്കുമ്പോൾ അവയ്ക്കു മൂല്യമുണ്ടാവുന്നു.

അങ്ങനെതന്നെ, പാണ്ഡിത്യവും. അത് വളരെവേഗം അഹന്തയ്ക്കും അഹമ്മതിക്കും വഴിവയ്ക്കാൻ ത്രാണിയുള്ളതാകയാൽ, അറിവുപയോഗിച്ച് മനസ്സിനെ സംസ്കരിച്ച് ഉയർത്തേണ്ടതാണ്. സംസ്കൃതമല്ലാത്ത അറിവ് അനേകരെ വഴിപിഴപ്പിച്ചിട്ടുണ്ട്. അറിവും ജ്ഞാനവും കൊണ്ട് സംസ്കരിച്ചെടുത്തതാണ് പൗലൂസിന്റെ മനസ്സ്. അതിനെ അദ്ദേഹം ഗുരുവിനു സമർപ്പിച്ചു. അങ്ങനെ അതു വിജയവും സ്വാതന്ത്ര്യവുമായി. അതിന്റെ കവിഞ്ഞൊഴുക്കാണ് അദ്ദേഹത്തിന്റെ അമൂല്യ ലേഖനങ്ങളിൽ ദൃശ്യമാകുന്നത്. ക്രൈസ്തവ വേദശാസ്ത്രലോകത്തെ ഇത്രയേറെ സ്വാധീനംചെലുത്തിയിട്ടുള്ള മറ്റുലിഖിതങ്ങളില്ലതന്നെ!

പത്രോസും പൗലൂസുമെല്ലാം, അറിവായും, ഭാവങ്ങളായും, വികാരതീവ്രതകളായും നമ്മുടെയെല്ലാം ഉള്ളിൽത്തന്നെയുണ്ട്. ഇത്തരം ഭിന്നഭാവങ്ങളെ സംസ്കരിച്ച് സമന്വയിപ്പിക്കുന്ന വേദിയാണ് മശിഹായുടെ സ്നേഹസാന്നിദ്ധ്യം. ആ സ്നേഹം എല്ലാറ്റിനെയും ഒന്നാക്കിത്തീർക്കുന്നു. നമ്മുടെ അറിവും തന്റേടവും മാത്രമല്ല, പ്രതീക്ഷകളും, കണക്കുകൂട്ടലുകളുമെല്ലാം ആ പാദപത്മങ്ങളിൽ സമർപ്പിക്കാം. അതുതന്നെയായിരിക്കും നമ്മുടെ വിജയവും, സ്വാതന്ത്ര്യവും! ■

## വികാരിയുടെ കത്ത്



# രോഗികളുടെ തൈലാഭിഷേകം

ഫാ. ഒ.വി. ഏലിയാസ്

പരിശുദ്ധ സഭയുടെ കൂദാശകളിൽ ഒന്നായ രോഗികളുടെ തൈലാഭിഷേകത്തെക്കുറിച്ച് അല്പമായി ചിന്തിക്കാം. രോഗം പല കാരണങ്ങളാൽ ഉണ്ടാകാം. രോഗം ശരീരത്തെയും മനസ്സിനെയും ഒരുപോലെ ബാധിക്കുന്നതാണ്. ഒരു മനുഷ്യൻ അവന്റെ ആത്മാവിലും ശരീരത്തിലും പൂർണ്ണ ആരോഗ്യവാനായിരിക്കണമെന്നുള്ളതാണ് ദൈവഹിതം. അതുകൊണ്ടാണ് തളർവാതരോഗിയെ സൗഖ്യമാക്കുമ്പോൾ ആദ്യമായി അയാളോട് നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു എന്ന് നമ്മുടെ കർത്താവ് അരുളിച്ചെയ്തത്. ആത്മാവിന്റെയും ശരീരത്തിന്റെയും സ്വസ്ഥത ശരീരത്തിന്റെ ആരോഗ്യത്തിന് വളരെയേറെ സഹായിക്കുന്നു. ഈ തത്വം കണക്കിലെടുത്താണ് സഭയിൽ പട്ടക്കാർക്ക് പാപം മോചിക്കുവാനുള്ള അധികാരം നല്കപ്പെട്ടിരിക്കുന്നത്. രോഗികളുടെ തൈലാഭിഷേകം കർത്താവിന്റെ കാലത്തും നടപ്പുണ്ടായിരുന്നു.

കർത്താവ് ശിഷ്യന്മാരെ സുവിശേഷ ഘോഷണത്തിന് അയച്ചപ്പോൾ രോഗികളെ സൗഖ്യമാക്കുവാനുള്ള നൽവരങ്ങളും അധികാരങ്ങളും കൊടുത്താണ് അയച്ചത് (മത്താ: 10:5-10). അയക്കപ്പെട്ടവർ അനേകം രോഗികൾക്ക് എണ്ണ തേച്ച് സൗഖ്യം വരുത്തിയെന്ന് വി:മർക്കോസിന്റെ സുവിശേഷത്തിൽ നാം വായിക്കുന്നു (മർക്കോ: 6.13) ആദിമസഭയിൽ നിലവിലുണ്ടായിരുന്ന ഈ നടപ്പിനെയാണ് വി. യാക്കൂബ് ശ്ലീഹാ തന്റെ ലേഖനത്തിൽ പരാമർശിക്കുന്നതും നാം തുടർന്ന് ചെയ്യുവാനായിട്ട് നമ്മെ പ്രബോധിപ്പിക്കുന്നതും.

"നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണപൂശി അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും. കർത്താവ് അവനെ എഴുന്നേൽപ്പിക്കും. അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോട് ക്ഷമിക്കും. എന്നാൽ നിങ്ങൾക്ക് രോഗശാന്തി വരേണ്ടതിന് തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞ് ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ. നീതിമാന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു" (വി. യാക്കൂബ് 4:14-16).

തൈലാഭിഷേകം കൊണ്ട് സാധിക്കുന്നത് പ്രധാനമായി രണ്ടു കാര്യങ്ങളാണ്. ഒന്ന് പാപമോചനവും മറ്റൊന്ന് ശാരീരിക രോഗങ്ങളിൽ നിന്നുള്ള ആശ്വാസവും. ഇത് രണ്ടും മനുഷ്യന് ആവശ്യവുമാണ്. തൈലാഭിഷേകശുശ്രൂഷയിലെ പ്രാർത്ഥനകൾ എല്ലാം രോഗത്തിന്റെ ആശ്വാസത്തിനും ശരീരസൗഖ്യത്തിനും പാപമോചനത്തിനും ആത്മധൈര്യം, പ്രത്യാശ, മനസ്സിന്റെ പിരിമുറുക്കത്തിൽ നിന്നുള്ള മോചനം, ആത്മതാപം എന്നിവയ്ക്കും വേണ്ടിയുള്ളതാണ്. മനുഷ്യൻ ശരീരപ്രകാരം മരണമില്ലാത്തവനായി എന്നും ഈ ലോകത്തിൽ ജീവിക്കുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടില്ലാത്തതിനാൽ തൈലാഭിഷേകം നടത്തിയാലും ചില സന്ദർഭങ്ങളിൽ രോഗം മൂർഛിച്ച് മരണം സംഭവിച്ചു എന്നുവരാം. അങ്ങനെ സംഭവിച്ചാലും ദൈവത്തിലുള്ള പ്രത്യാശയോടും, ശരണത്തോടും അനുതാപത്തോടും പാപമോചനം പ്രാപിച്ചവനായിട്ടും ഇവിടെനിന്നും പിതൃസന്നിധിയിലേക്ക് ചെല്ലുവാൻ സാധിക്കുന്നു എന്നുള്ളതും പ്രത്യേകം ഓർക്കേണ്ടതാണ്. അതുകൊണ്ടുതന്നെ കഴിവതും രോഗി സുബോധവാനായിരിക്കുമ്പോൾ വേണം ഈ ശുശ്രൂഷ നിർവ്വഹിക്കുവാൻ. അല്ലാത്ത സന്ദർഭങ്ങളും ഉണ്ടായി എന്നുവരാം. രോഗിയും, സുബോധത്തോടുകൂടി ആ ശുശ്രൂഷയിൽ സംബന്ധിക്കുകയും അനുതാപത്തിന്റെ ഏറ്റുപറച്ചിൽ നടത്തി പാപമോചനത്തിന് അർഹതനേടുകയും ചെയ്യുന്നു. "കൃപയുടെ എണ്ണ" എന്നറിയപ്പെടുന്നതും വൈദ്യത്തിന്റെയും സൗഖ്യത്തിന്റെയും പാപമോചനത്തിന്റെയും അനുഗ്രഹങ്ങളും നൽവരങ്ങളും നിറഞ്ഞതുമായ ഈ തൈലം സഭയിൽ അധികാരമുള്ള മേല്പട്ടക്കാരാൽ കൂദാശചെയ്യപ്പെടുന്നതാണ്.

എങ്ങനെയോ രോഗികളുടെ തൈലാഭിഷേകത്തെ 'അന്ത്യകൂദാശ' എന്ന് നമ്മുടെ ആളുകൾ തെറ്റിദ്ധരിച്ചിരിക്കുന്നു. രോഗികളുടെ തൈലാഭിഷേകം അന്ത്യകൂദാശയല്ല. അങ്ങനെ ഒരു കൂദാശ ഓർത്തഡോക്സ് സഭയ്ക്കില്ല. രോഗത്തിന്റെ ഗതി അനുസരിച്ച് ഒരുപക്ഷേ അന്ത്യം സംഭവിച്ചു എന്നുവരാം. രോഗസൗഖ്യത്തിനും ആശ്വാസത്തിനും പാപമോചനത്തിനും വേണ്ടി നടത്തപ്പെടുന്ന ഈ കൂദാശ രോഗി സുബോധവാനായിരിക്കുമ്പോൾ ചെയ്യുന്നതാണ് ഉത്തമം. ഒരുപക്ഷേ രോഗിക്ക് മരണം അനിവാര്യമാണെന്ന് വന്നാൽ തന്നെയും അതിനെ സന്തോഷത്തോടെ സ്വീകരിക്കാനുള്ള ധൈര്യവും മനസ്സൊരുക്കവും-തക്കസമയത്തും രോഗി ബോധവാനായിരിക്കുമ്പോഴും തൈലാഭിഷേകം ചെയ്യപ്പെടുന്നതു കൊണ്ട്-രോഗിക്ക് ലഭിക്കുന്നു എന്നുള്ളതും ഒരു സത്യമാണ്.

മേൽപറഞ്ഞ സംഗതികളുടെ വെളിച്ചത്തിൽ തൈലാഭിഷേക ശുശ്രൂഷയുടെ പ്രാധാന്യവും അതിൽ അന്തർലീനമായിരിക്കുന്ന തത്വവും മനസ്സിലാക്കി പ്രവർത്തിക്കുവാൻ വിശ്വാസികൾക്ക് ഇടയാകട്ടെ. ■

## ഭദ്രാസന വിശേഷങ്ങൾ

# ഭദ്രാസന സമ്മേളനം

കൊച്ചി ഭദ്രാസന മർത്തമറിയം സമാജത്തിന്റെ ഏകദിന സമ്മേളനം സെപ്റ്റംബർ 5ന് പടമുഗൾ പള്ളിയിൽ നടന്നു. ഇടവകമെത്രാപ്പോലീത്ത മുഖ്യപ്രഭാഷണം നടത്തി. ഫാ. വർഗ്ഗീസ് ജോസഫ് ക്ലാസ്സെടുത്തു. സമാജം ഭദ്രാസന വൈസ് പ്രസിഡന്റും, കത്തീഡ്രൽ വികാരിയുമായ ഫാ. ഒ.വി. ഏലിയാസിന്റെ നേതൃത്വത്തിൽ ഇടവകയിൽ നിന്ന് 25 അംഗങ്ങൾ പങ്കെടുത്തു.

# ജില്ലാതല മത്സരങ്ങൾ

സൺഡേ സ്കൂൾ എറണാകുളം ജില്ലാതല മത്സരങ്ങൾ സെപ്റ്റംബർ 27 ഞായറാഴ്ച കത്തീഡ്രലിൽ വച്ച് നടന്നു. ഈ മേഖലയിലെ എല്ലാ സൺഡേസ്കൂളുകളും പങ്കെടുത്ത മത്സരങ്ങൾ എല്ലാം ആവേശകരമായിരുന്നു. വിജയികളായവർക്ക് സമ്മാനങ്ങളും, ട്രോഫികളും വിതരണം ചെയ്തു.

**കത്തീഡ്രൽ ഇടവകയെ പ്രതിനിധീകരിച്ച് ജില്ലാതല മത്സരങ്ങളിൽ ട്രോഫിയും, സമ്മാനങ്ങളും നേടിയവർ:**

1) ഏബൽ വർഗ്ഗീസ് ഷിബു 2) സിറിൽ ഫിലിപ്പ് ചാക്കോ 3) ക്രിസ്റ്റീന മറിയം ചാക്കോ 4) ഫേബാ റീന ജോർജ്ജ് 5) ദിയ നൈനാൻ 6) മിഥുൻ റോമിയോ.

# ഓൾഡ് ഏജ് ഹോം സന്ദർശനം



കത്തീഡ്രൽ എം.ജി.ഒ.സി.എസ്.എം. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തേവരയിലുള്ള വൃദ്ധസദന സന്ദർശനം സെപ്റ്റംബർ 28ന് നടന്നു. കത്തോലിക്കാ സന്ന്യാസിനിമാരുടെ നേതൃത്വത്തിൽ നടത്തുന്ന സ്ഥാപനത്തിലെ 50ൽപരം അന്തേവാസികളുമായുള്ള ആശയവിനിമയം പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതായി. പ്രസ്ഥാനം പ്രവർത്തകരും, വനിതാസമാജാംഗങ്ങളും, അന്തേവാസികളും ചേർന്ന് അവതരിപ്പിച്ച കലാപരിപാടികൾ സന്ദർശനത്തിന് മിഴിവേകി. ഫാ. പി.ഐ. വർഗ്ഗീസ്, ഫാ. പ്രിൻസ് മാത്യൂ, ട്രസ്റ്റി ശ്രീ. കെ.കെ. ജോർജ്ജ്, ശ്രീ. മാമ്മൻ എബ്രഹാം, യൂണിറ്റ് സെക്രട്ടറി ഗീവർഗ്ഗീസ് പിങ്കു, വിൽന, ഫേബ തുടങ്ങിയവർ സംസാരിച്ചു. അന്തേവാസികൾക്ക് ഉപഹാരങ്ങളും, വസ്ത്രങ്ങളും, പലഹാരങ്ങളും വിതരണം ചെയ്തു.

# സുരക്ഷിതത്വം എവിടെ?

**ജോർജ്ജ് നിക്സൻ താച്ചയിൽ**

ഈ അത്ഭുത പ്രപഞ്ചത്തെയും അതിലുള്ള സർവ്വചരാചരങ്ങളെയും ഭൗതികശക്തികളെയും സൃഷ്ടിച്ച ദൈവത്തിന്റെ മുമ്പിൽ മനുഷ്യൻ എത്ര നിസ്സാരനെന്നു നമുക്കു തോന്നാം. എന്നാൽ അവിടുത്തെ സ്നേഹപ്രപഞ്ചത്തിൽ മനുഷ്യനെക്കാൾ വിലയുള്ള മറ്റൊന്നുമില്ല. ഏറ്റവും നിസ്സാരരായി കരുതപ്പെടുന്നവർ പോലും ദൈവത്തിന്റെ മുമ്പിൽ ഏറ്റവും വിലയുള്ളവരാണ്. ഇന്ന് ഒരിടത്തും മനുഷ്യൻ സുരക്ഷിതത്വം കണ്ടെത്തുന്നില്ല. ഡോക്ടർമാരുടെ സഹായവും പുതിയ പുതിയ ഔഷധങ്ങളുടെ കണ്ടുപിടിത്തവും, ഫിക്സഡ് ഡെപ്പോസിറ്റും, ശാസ്ത്രത്തിന്റെ നേട്ടവും സുരക്ഷിതത്വം നൽകുമെന്ന് ചിലർ കരുതുന്നു. എന്നാൽ ഇവയൊക്കെ യഥാർത്ഥ സുരക്ഷിതത്വം നൽകുകയില്ലെന്ന് ബോധ്യമാകുമ്പോൾ മനുഷ്യൻ നിസ്സഹായനായി മേലോട്ട് നോക്കും. ദൈവത്തിൽ നിന്നു മാത്രമേ നമുക്ക് ആത്യന്തിക സഹായം ലഭിക്കുകയുള്ളൂ. ഈ രക്ഷാ സങ്കേതം കണ്ടെത്തുന്നവരുടെ വിശ്വാസത്തോടു കൂടിയ പ്രാർത്ഥനയ്ക്ക് ദൈവം ഉത്തരമരുളുന്നു. "നീതിമാൻ വിശ്വാസത്താൽ ജീവിക്കും" (റോമ 1:17). ഇവിടെ നീതിമാൻ എന്നു പറയുന്നത് (ദൈവത്തോട് രഞ്ജിക്കപ്പെട്ടവൻ) ഈ വേദവാക്യം - ജീവിക്കുന്നതിനുള്ള വ്യവസ്ഥയിലേക്ക് വിരൽ ചൂണ്ടുന്നു. നമ്മൾ പലരും ദൈവത്തോട് രഞ്ജിപ്പിക്കപ്പെടാതെ മൃതപ്രായരായി കഴിയുന്നവരല്ലേ? ഇങ്ങനെയുള്ളവർക്ക് സുരക്ഷിതത്വബോധം ഉണ്ടായിരിക്കുകയില്ല. എന്നാൽ വിശ്വാസത്താൽ രഞ്ജിപ്പിക്കപ്പെടുന്നവരെ ദൈവം ഒരിക്കലും കൈവിടുകയില്ല. ആയതിനാൽ നാം പ്രാർത്ഥനയാലും വിശ്വാസത്താലും സ്വർഗ്ഗസ്ഥനായ പിതാവിന്റെ ചിറകിൻകീഴിൽ സുരക്ഷിതത്വം കണ്ടെത്തുക!

# സ്നേഹത്തിന്റെ ഉൽഭവം

**മേരി വർഗീസ്**

ദൈവത്തിൽ നിന്നാണ് സ്നേഹത്തിന്റെ ഉൽഭവം. ദൈവം സ്നേഹമാണ്. ദൈവാനുഗ്രഹം ഇല്ലാത്ത ഒരു വ്യക്തിക്ക് സ്നേഹം എന്താണ് എന്ന് അറിയില്ല. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്, ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ. 3:16). യേശുവിന്റെ മുദ്രയാണ് സ്നേഹം.

"നീ എന്നെ സ്നേഹിക്കുന്ന സ്നേഹം അവരിൽ ആകുവാനും ഞാൻ അവരിൽ ആകുവാനും, ഞാൻ നിന്റെ നാമം അവർക്ക് വെളിപ്പെടുത്തിയിരിക്കുന്നു" (യോഹ. 17:26). മനുഷ്യവർഗ്ഗത്തിന് മാതൃകയായ അന്ത്യ അത്താഴം കഴിഞ്ഞ്, ദൈവം തന്നിൽ മഹത്വപ്പെടുത്തിയ ശേഷം "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം" എന്ന് പുതിയോരു കല്പന ഞാൻ നിങ്ങൾക്ക് തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നുതന്നെ (യോഹ. 13:34).

സ്നേഹത്തിന് നാല് ഭാവങ്ങൾ ഉണ്ട്. 1) നമ്മൾ സ്നേഹിക്കുന്ന ആളിന്റെ നന്മതിന്മകൾ പരസ്പരം അറിഞ്ഞിരിക്കണം. 2) സ്നേഹിക്കുന്ന ആളെ നമ്മൾ ബഹുമാനിക്കണം. 3) സ്നേഹിക്കുന്ന ആൾക്കുവേണ്ടി കരുതൽ ഉണ്ടായിരിക്കണം. 4) സ്നേഹിക്കുന്ന ആളോട് ഉത്തരവാദിത്വം ഉണ്ടായിരിക്കണം.

"നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം".

മഹാത്മഗാന്ധി നമ്മളോടുള്ള സ്നേഹത്തെപ്രതി ഇംഗ്ലീഷുകാരുടെ അടിമത്വത്തിൽ നിന്ന് നമുക്ക് സ്വാതന്ത്ര്യം നേടിത്തന്നു. വിശുദ്ധയായ മദർ തെരേസ സ്നേഹം കൊണ്ടും, ത്യാഗം കൊണ്ടും മനുഷ്യമനസ്സിന്റെ അടിത്തട്ടിൽ സ്ഥാനം പിടിച്ചു.

യഥാർത്ഥ സ്നേഹം ദാമ്പത്യജീവിതത്തിൽ നല്ലൊരു കുടുംബജീവിതം കെട്ടിപ്പടുക്കുവാൻ സഹായിക്കും. യേശുവിന്റെ സ്നേഹം നിറഞ്ഞവർ, മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങളെ വിമർശിക്കാതെ, സൗകര്യപ്പെടുകയാണെങ്കിൽ അവരുടെ തെറ്റുകളെ സ്നേഹത്തോടെ പറഞ്ഞ് മനസ്സിലാക്കുകയാണ് വേണ്ടത്. കൂടാതെ മറ്റുള്ളവരുടെ ഉയർച്ചയിൽ നമ്മൾ അസൂയപ്പെടാതെ, നമ്മൾ അവരോടൊപ്പം സന്തോഷിക്കുകയാണ് വേണ്ടത്. നമ്മുടെ സ്നേഹം വേദനിപ്പിക്കാത്തത് ആയിരിക്കണം. നമ്മളെ വേദനിപ്പിക്കുന്നവർക്കുവേണ്ടി ക്ഷമിച്ച് പ്രാർത്ഥിക്കണം. യഥാർത്ഥ സ്നേഹം - തിന്മയ്ക്ക് സ്ഥാനം ഇല്ല. തിന്മ പ്രവർത്തിക്കുകയും ഇല്ല. യേശു നമുക്കുവേണ്ടി ക്രൂശുമരണം ഏറ്റുവാങ്ങിയത് നമ്മളോടുള്ള സ്നേഹത്തെപ്രതിയാണ്. ■

# പ്രവൃത്തിയില്ലാത്ത വിശ്വാസം ആശാസ്യമോ?

അമേരിക്കയുടെ തെക്കൻ പ്രദേശങ്ങളിൽ ഒരിടത്തുള്ള ഇടവക സന്ദർശിച്ച പട്ടക്കാരൻ നടത്തിയ സാക്ഷിയോഗത്തെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. യോഗത്തിൽ സംബന്ധിച്ച ഒരു സ്ത്രീ എഴുന്നേറ്റുനിന്ന് തനിക്ക് കഷ്ടതകൾ നേരിടുമ്പോൾ തന്റെ വിശ്വാസം തനിക്ക് എത്ര ആശ്വാസമാണ് നൽകുന്നതെന്നു വിവരിക്കാൻ തുടങ്ങി. "വളരെ സന്തോഷം സഹോദരീ" പട്ടക്കാരൻ ഇടയ്ക്കു കയറിപ്പറഞ്ഞു. "എന്നാൽ നിങ്ങളുടെ വിശ്വാസത്തിന്റെ പ്രായോഗികവശം എങ്ങനെ?" "നിങ്ങളുടെ വിശ്വാസം നിങ്ങളുടെ ഭർത്താവിനു രുചികരമായ ഭക്ഷണം പാകം ചെയ്തു കൊടുക്കുവാൻ നിങ്ങളെ പ്രേരിപ്പിക്കാറുണ്ടോ?" "നിങ്ങളുടെ വിശ്വാസം അദ്ദേഹത്തിന്റെ വസ്ത്രങ്ങൾ തേച്ചും, തുന്നിയും കൊടുക്കാൻ നിങ്ങളെ സഹായിക്കാറുണ്ടോ?" ആ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ പുറകിൽനിന്ന് ആരോ അദ്ദേഹത്തിന്റെ വസ്ത്രത്തിൽ പിടിച്ചു വലിച്ചു എന്നു തോന്നി. തിരിഞ്ഞുനോക്കിയപ്പോൾ അത് ഇടവക വികാരിയായിരുന്നു. മുഖത്തു തെളിഞ്ഞ പുഞ്ചിരിയോടെ അദ്ദേഹം തന്റെ അതിഥിയോട് മന്ത്രിച്ചു. "ചോദിക്കൂ സഹോദരാ, ആ ചോദ്യം തന്നെ വീണ്ടും ചോദിക്കൂ. അത് എന്റെ ഭാര്യയാണ്".

ഒരുത്തൻ തനിക്ക് വിശ്വാസം ഉണ്ടെന്നു പറയുകയും, പ്രവൃത്തികൾ ഇല്ലാതിരിക്കുകയും ചെയ്താൽ ഉപകാരം എന്ത്? ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കുമോ? (യാക്കോ 2:14).

യഥാർത്ഥ വിശ്വാസിക്ക് പ്രാർത്ഥനയും പ്രവൃത്തിയും ഒരുപോലെ കൊണ്ടുപോകാൻ കഴിയണം. രണ്ടും പരസ്പര പൂരകങ്ങളാണ്. വിശപ്പുള്ളവനോട് വിശപ്പു മാറ്റാതെ ദൈവവചനം പ്രസംഗിച്ചതുകൊണ്ട് കാര്യമില്ല. പ്രവർത്തിച്ച് തേഞ്ഞുപോകലാണ് വെറുതെയിരുന്നു തുരുമ്പുപിടിക്കുന്നതിലും നല്ലതെന്നു പറയാറുണ്ട്. കണക്കു കൂടാതെ നൽകാൻ പ്രേരിപ്പിക്കുന്ന, വേദന കാണുമ്പോൾ ആശ്വാസം നൽകാൻ ഉദ്യമിപ്പിക്കുന്നതാണ് യഥാർത്ഥ വിശ്വാസം.

കൊച്ചു കുട്ടി അമ്മയോടു ചോദിച്ച ചോദ്യം ഇവിടെ പ്രസക്തമാണ്. "അമ്മേ നമ്മളെ ദൈവം എന്തിനാണ് സൃഷ്ടിച്ചിരിക്കുന്നത്?" അമ്മയുടെ മറുപടി. "അത് മറ്റുള്ളവരെ കരുതുവാനാണ്". അപ്പോൾ കുട്ടി വീണ്ടും. "അപ്പോൾ മറ്റുള്ളവരെ സൃഷ്ടിച്ചിരിക്കുന്നതോ?" "അത് കുഞ്ഞേ നമ്മെ കരുതുവാനാണ്." ■

## വിശേഷദിവസങ്ങൾ

**ഒക്ടോബർ**

11 ഞായർ : വാർഷിക സെയിൽ - കത്തീഡ്രലിൽ 7 മണിക്കാരംഭിക്കുന്ന ഒരു വി. കുർബാന മാത്രം.

**നവംബർ**

1 ഞായർ : കൂദോശ് ഈത്തോ ഞായറാഴ്ച. ഇളംകുളം ചാപ്പലിൽ പ. പരുമല തിരുമേനിയുടെ ഓർമ്മപെരുന്നാൾ.

# കുടുംബ വിശേഷങ്ങൾ

## അഭിനന്ദനങ്ങൾ



ആജീവനാന്ത നേട്ടങ്ങൾക്കുള്ള ഹാർട്ട്കെയർ ഫൗണ്ടേഷൻ പുരസ്കാരം ഡോ. എ.കെ. ഏബ്രഹാം ഹൈക്കോടതി ചീഫ് ജസ്റ്റിസ് എസ്. ആർ. ബന്നൂർമഠിൽ നിന്നും ഏറ്റുവാങ്ങി.

ഡോ. ഏബ്രഹാം ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി ചീഫ് കാർഡിയോളജിസ്റ്റും, ജീവകാരുണ്യപ്രവർത്തനങ്ങളിൽ വ്യാപൃതനുമാണ്.



നമ്മുടെ ഇടവകാംഗം കുറ്റിക്കാട്ട് ശ്രീ. ഐപ് പീറ്റർ കാത്തലിക് സിറിയൻ ബാങ്ക് ഡയറക്ടറായി (2009-2010) ഐകകണ്ഠ്യേന തിരഞ്ഞെടുക്കപ്പെട്ടു. ശ്രീ. ഐപ് 2008-2009 ലും ഈ ബാങ്കിന്റെ തന്നെ ഡയറക്ടറായിരുന്നു.

ശ്രീ. ഐപ് പീറ്റർ കൊച്ചിൻ സ്റ്റോക് എക്സ്ചേഞ്ച് ലിമിറ്റഡിന്റെയും ഡയറക്ടറായി തുടരുന്നുണ്ടെന്നതും അഭിമാനാർഹമാണ്.

## മാമോദീസ

1) പനമ്പിള്ളി നഗർ തുരുത്തുവിളയിൽ ശ്രീ. അരുൺ തോമസിന്റെയും ശ്രീമതി സ്മിതാ ജേക്കബിന്റെയും മകൾ സേറ (Rachel Sera Arun) 20-9-2009 -ൽ മാമോദീസാ സ്വീകരിച്ചു.

2) കാരിക്കാമുറി കോട്ടക്കൽ കിഴക്കേതിൽ ശ്രീ. അനൂപ് ജേക്കബ്ബിന്റെയും ശ്രീമതി മിലൻ അനൂപിന്റെയും മകൻ ജേക്കബ് (Jaden Jacob) 28-9-2009-ൽ മാമോദീസാ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു!*

## വിവാഹം



30-08-2009 ൽ കത്തീഡ്രലിൽ വിവാഹിതരായ **ആദർശ് ജോസഫ് വറുഗീസും, രേഷ്മ സാറാ ഏബ്രഹാമും.** (സെപ്റ്റംബർ ലക്കം പാരിഷ് ന്യൂസിൽ വിവാഹ വാർത്ത പ്രസിദ്ധീകരിച്ചിരുന്നു)

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

## നിര്യാതയായി



വടുതല അയ്യംകുളങ്ങര ശ്രീമതി ലില്ലി ജേക്കബ്ബ് (72) 13-9-2009 ൽ നിര്യാതയായി. ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.

*പ്രത്യേക ആദരാഞ്ജലികൾ*

*Sponsored by*

MUTHOOT PAPPACHAN GROUP

Since 1939

## വിദ്യാരംഭം

കത്തീഡ്രൽ ഇടവകയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 28 തിങ്കളാഴ്ച വി. കുർബാനയ്ക്കുശേഷം ഏഴു കുട്ടികളെ എഴുത്തിനിരുത്തി.

# ഒ.സി.എഫ്. 14-ാമത്തെ വീട് നൽകി



ഓർത്തഡോക്സ് ക്രിസ്ത്യൻ ഫൗണ്ടേഷൻ ജാതിഭേദമന്യേ സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർക്കായി നിർമ്മിച്ചു നൽകുന്ന 14-ാമത്തെ വീടിന്റെ കൂദാശയും താക്കോൽദാനവും 31-08-2009 ന് വെ.റവ. ജേക്കബ് മണ്ണാറപ്രായിൽ കോർ-എപ്പിസ്കോപ്പ, ഫാ. പി. ഐ. വറുഗീസ് എന്നിവർ ചേർന്ന് നിർവ്വഹിച്ചു. *(വീടിന്റെ ചിത്രം ഇൻസെറ്റിൽ)*

മഞ്ഞുമ്മൽ-കോളനിപ്പടിക്ക് സമീപം മുളക്കായത്ത് ബാബു-ജെസ്സി കുടുംബത്തിനാണ് ഈ വീട് നൽകിയത്.

15-ാമത്തെ വീടിന്റെ നിർമ്മാണം കുമ്പളത്ത് നടന്നുകൊണ്ടിരിക്കുന്നു.

ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ചികിത്സ, വിവാഹം, വിദ്യാഭ്യാസം എന്നിവയ്ക്കും സാമ്പത്തികസഹായങ്ങൾ നൽകി വരുന്നു.

## ഔഷധ വിതരണം



ജനറൽ ആശുപത്രി കാൻസർ വാർഡിലേക്കു നൽകുന്ന മരുന്നുകളുടെ സെപ്റ്റംബർ മാസത്തെ വിതരണം, റോട്ടറി 3201 Past Dist. Governer Rtn. ബാബു ജോസഫ്, അസി. വികാരി ഫാ. പ്രിൻസ് മാത്യു എന്നിവർ ചേർന്ന് നിർവ്വഹിച്ചു. RMO ഡോ. അരുവി മരുന്ന് ഏറ്റുവാങ്ങി. കത്തീഡ്രൽ മർത്ത മറിയം സമാജത്തിന്റെ ആഭിമുഖ്യത്തിലാണ് മരുന്നുവിതരണത്തിന്റെ ക്രമീകരണങ്ങൾ നടത്തിയത്. മാനേജിങ് കമ്മിറ്റി അംഗങ്ങളും സന്നിഹിതരായിരുന്നു.

## വാർഷിക സെയിൽ

2009 ലെ വാർഷിക സെയിൽ ഒക്ടോബർ മാസം 11-ാം തീയതി ഞായറാഴ്ച നടത്തപ്പെടുന്നു. അന്നേദിവസം കത്തീഡ്രലിൽ രാവിലെ ഏഴു മണിക്ക് ആരംഭിക്കുന്ന ഒരു വിശുദ്ധ കുർബ്ബാന മാത്രം ഉണ്ടായിരിക്കുകയുള്ളൂ. സെയിൽ ദിവസം ഇടവകാംഗങ്ങൾ കുടുംബ സമേതം സംബന്ധിച്ച് സെയിൽ വിജയപ്രദമാക്കണമെന്ന് താൽപര്യപ്പെടുന്നു.

Editorial Board: P.T. John(98951 43625), K.K. George (94470 40484),
Mammen Abraham (94473 68886) & Suma Mathew (98460 25711) Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490, 2365827**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***